**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **18-03-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ദേവികുളം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചവരുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | 2016 മുതൽ ദേവികുളം മണ്ഡലത്തിൽ വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിച്ചതിന് ഹൈറേഞ്ച് സർക്കിളിലെ മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷനുകളിൽ 1318 അപേക്ഷകളും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ 40 അപേക്ഷകളും ലഭിച്ചിട്ടുണ്ട് |
| (ബി) | കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരമായി അനുവദിച്ച തുകയുടേയും അത് ലഭിച്ചവരുടേയും വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത കാലയളവിൽ കൃഷിനാശം സംഭവിച്ചതിന് ദേവികുളം മണ്ഡലത്തിൽ ഹൈറേഞ്ച് സർക്കിളിൽ 1106 പേർക്ക് 73,81,659/- രൂപയും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ 40 പേർക്ക് 2,58,475/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | കൃഷിനാശം മൂലമുള്ള നഷ്ടം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | 08.01.2015-ലെ സ.ഉ.(കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്ര കാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 05.04.2018 തീയ തിയിലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കാവൂ. കൃഷിനാശം ഉണ്ടായി 6 മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ